"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - ശബരി റെയിൽവേ സമാന്തര പാതകൾ അറ്റകുറ്റപ്പണികൾക്കായുള്ള മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

G.O.(Rt)No.581/2022/LSGD തീയതി,തിരുവനന്തപുരം, 10-03-2022

പരാമർശം:-

1. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.01.2022 ലെ എ2-05/2021 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മറ്റിയുടെ 10.02.2022 ൽ കൂടിയ യോഗത്തിന്റെ 4.64 നമ്പർ തീരുമാനം.

**ഉത്തരവ്**

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ ചെങ്ങൽ വട്ടത്തറ പ്രദേശത്ത് ശബരി റെയിലിന്റെ രണ്ടു സമാന്തര പാത റെയിൽവേ നിർമ്മിച്ചു നൽകിയിരുന്നതിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് റെയിൽവേ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്. ഇത് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉയോഗിച്ച് റിപ്പയർ ചെയ്യാൻ അനുമതി നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം 18.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ച ചെയ്യുകയും ഗ്രാമപഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ ഇതിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ലെന്നും രണ്ടു പാതകൾക്കായി പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി അനുവദനീയമായ വികസനഫണ്ടോ തനതുഫണ്ടോ ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാനും യോഗം നിർദ്ദേശിച്ചിരുന്നു. തനതു ഫണ്ടും വികസന ഫണ്ടും കണ്ടെത്താൻ പ്രയാസമായതിനാൽ ഈ തീരുമാനം പുനഃപരിശോധിക്കണമെന്നും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാൻ അനുമതി നൽകണമെന്നും കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

കോ - ഓർഡിനേഷൻ കമ്മറ്റിയുടെ പരാമർശം (2) ലെ തീരുമാന പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ ചെങ്ങൽ വട്ടത്തറ പ്രദേശത്ത് ശബരി റെയിലിന്റെ രണ്ടു സമാന്തര പാതയുടെ അറ്റകുറ്റ പ്രവൃത്തിയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാൻ രണ്ടു പാതകൾക്കായി പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shemim Khan S H**
**Date: 11-03-2022 10:17:44**
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്